# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാവൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1358/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/02/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാവൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1358/2021 തീയ്യതി: 05/02/2022

## കണ്ണൂർ ജില്ലയിലെ പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു.എ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജിജി ജോയ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| പി.പി.വേണുഗോപാൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| പ്രീത ചെറുവളത്ത് | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ഗീത ടി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രസന്ന. എം.വി | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ. ഷൈജു. പി. വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 02-06-2020 |
| ശ്രീ. റെജിരാജ് ഒ.സി | അസിസ്റ്റന്റ് സെക്രട്ടറി | 03-06-2020 | 16-06-2020 |
| ശ്രീ. പവിത്രൻ. വി. | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 24-06-2020 |
| ശ്രീ. പ്രശാന്ത് ആർ.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 25-06-2020 | 31-03-2021 |
| ഡോ. മഹേഷ ജി.കെ | വെറ്റിനറി സർജൻ | 01-04-2020 | 08-09-2020 |
| ഡോ. ജി. രാമ അറുമുഖൻ | വെറ്റിനറി സർജൻ | 09-09-2020 | 31-03-2021 |
| ശ്രീ. ജോമോൻ പൗലോസ് | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഡോണ സ്കറിയ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. രസിത്ത് കെ.എം. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ. ഗ്രിഫിൻ സുരേന്ദ്രൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ശ്രീമതി ആശാലത പി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി ഗീതാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2020 | 08-11-2020 |
| ശ്രീമതി സോണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| ശ്രീമതി വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 11-11-2020 |
| ഡോ. ബുഷ്റ. ഒ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 12-11-2020 | 05-03-2021 |

| | | | |
|---|---|---|---|
| ഡോ. ലിഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 06-03-2021 | 31-03-2021 |
| ശ്രീ. ശ്രീജിത്ത് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-06-2020 | 22-01-2021 |
| ശ്രീ. ആകാശ് കൃഷ്ണ. ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-01-2021 | 31-03-2021 |
| ശ്രീമതി മിനി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 30-06-2020 |
| ശ്രീമതി രമ്യശ്രീ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-07-2020 | 02-11-2020 |
| ശ്രീമതി പ്രീത പി.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.പ്രീത ചെറുവളത്ത്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജോമോൻ പൗലോസ്, കൃഷി ഓഫീസർ ശ്രീമതി. ഡോണ സ്കറിയ എന്നിവരടങ്ങിയ ഭരണ നിർവഹണ സമിതിയാണ് 12-11-2020 മുതൽ 29-12-2020 വരെ ഭരണ നിർവഹണം നടത്തിയിരുന്നത്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ 01.04.2020 മുതൽ 14.06.2020 വരെ ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 27-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 29-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 28-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shiju A (Asst. Audit Officer, On 27-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 27-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-10 |
| 12 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-11 |
| 13 | സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-12 |
| 14 | മരിച്ചവർക്ക് പെൻഷൻ വിതരണം<br>Written By: Vipina Valsaraj (Senior Grade Auditor, On 24-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-13 |
| 15 | ആയുർവ്വേദ മരുന്ന് മുഴുവൻ ലഭ്യമായില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 25-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-14 |
| 16 | പ്രത്യേക കന്നുകുട്ടി പരിപാലനം-കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| | Written By: Vipina Valsaraj (Senior Grade Auditor, On 25-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | |
| 17 | കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ- രേഖകൾ ലഭ്യമാക്കിയില്ല - 480000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Pradeep Kumar M (Audit Officer, On 29-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-16 |
| 18 | ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 29-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 29-11-2021) | 1-17 |
| 19 | വെള്ളാർ വള്ളി വാതക ശ്മശാനം നിർമ്മാണം - മണ്ണ് ലേലം ചെയ്തില്ല<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-18 |
| 20 | ചെടിക്കളം മുള്ളേരിക്കൽ റോഡ് ടാറിങ് - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 25-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-19 |
| 21 | പൂക്കളം കുന്ന് വട്ടക്കാം റോഡ് കോൺക്രീറ്റിംഗ് - മണ്ണ് ലേലം ചെയ്തില്ല<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 1-20 |
| 22 | പോത്തു കുഴി ചെട്ടിയാം മുക്ക് റോഡ് ടാറിങ് -അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 28-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 28-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 28-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 28-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 28-11-2021) | 4-8 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 28-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 29-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 03-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 28-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-02-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 24-03-2020 ലെ 55/2020 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 15-02-2021 ലെ 41/2021 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3419262 | 10307393 |
| വരവ് | 175904000 | 188207985 |
| ആകെ | 179323262 | 198515378 |
| ചെലവ് | 175649200 | 196355985 |
| നീക്കിയിരിപ്പ് | 3674062 | 2159393 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 09-07-2021 | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1, ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം Total Sanitation Campaign (Code No-320100115) ഇനത്തിൽ 1662401 രൂപയും Suchithwa Mission Grant (Code No-320200322) ഇനത്തിൽ 1778745 രൂപയും കൂടി ആകെ 3441146 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരം സിന്റിക്കേറ്റ് ബാങ്ക് – സാനിറ്റേഷൻ എന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 3537198.20 രൂപയാണ്.

2, ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമായി 801922രൂപയും (551922+250000) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 797414(797406+8) രൂപയും കൂടി ആകെ 1599336 രൂപ നീക്കിയിരിപ്പുണ്ട്. B17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 1000000 രൂപയാണ് നീക്കിയിരിപ്പുള്ളത്.

3, ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂൾ പ്രകാരം Recoveries Payable-covid (Code No-350200301) ഇനത്തിൽ 660515 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 125400 രൂപയാണ്.

3, അസറ്റ് രജിസ്റ്റർ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21395787.82 |
| വരവ് | 65948099 |
| ആകെ | 87343886.82 |
| ചെലവ് | 65946344 |
| നീക്കിയിരിപ്പ് | 21397542.82 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 4,80,000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 15344707 | 15344707 | 13128907 | 2215800 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 971000 | 971000 | 574000 | 397000 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 2076000 | 2076000 | 752074 | 1323926 |
| മെയിന്റനൻസ്, റോഡ് | | 0 | 11911000 | 11911000 | 11895112 | 15888 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4381000 | 4381000 | 2774555 | 1606445 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 11470704 | 11470704 | 6678640 | 4792064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | | 0 | 5510000 | 5510000 | 1935085 | 3574915 |
| സാക്ഷരത | | 110246 | 4410 | 114656 | 0 | 114656 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45361166 | 45361166 | 45361166 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 666985 | 1213248 | 1880233 | 1873112 | 7121 |
| ടി.എസ്.സി | | 1986441 | 47960 | 2034401 | 372000 | 1662401 |
| എം പി ഫണ്ട് | | 10353 | 284 | 10637 | 0 | 10637 |
| ഐ.സി.ഡി.എസ് | | 342807 | 978024 | 1320831 | 1100000 | 220831 |
| വിമുക്തി | | 3228 | 0 | 3228 | 0 | 3228 |
| അങ്കണവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ | | 0 | 72000 | 72000 | 0 | 72000 |
| ശുചിത്വ മിഷൻ പെർഫോമൻസ് ബെയിസ്ഡ് ഗ്രാന്റ് | | 316262 | 2192483 | 2508745 | 730000 | 1778745 |
| അഗതി രഹിത കേരളം | | 0 | 1259071 | 1259071 | 1000688 | 258383 |
| ബാല സൗഹൃദ പഞ്ചായത്ത് അവാർഡ് തുക | | 0 | 500000 | 500000 | 0 | 500000 |

ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 95707782 | 128 | 48998201 | 14 | 53 | 63 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ 20-21

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1382659 | 993344 | 72 |
| വെറ്റിനറി സർജ്ജൻ | 7 | 5 | 5928500 | 3141485 | 53 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 5 | 5 | 2698453 | 2474932 | 92 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 0 | 3075000 | 0 | 0 |
| വി ഇ ഒ | 19 | 14 | 28226023 | 6318008 | 23 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 6 | 6228175 | 5156775 | 83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1500000 | 1000000 | 67 |
| സെക്രട്ടറി | 34 | 29 | 6726731 | 5123061 | 76 |
| ഹെഡ് മാസ്റ്റർ | 8 | 0 | 467895 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 52 | 37519896 | 23463460 | 63 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1154450 | 527136 | 46 |
| ആകെ | 181 | 128 | 95707782 | 48998201 | 51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 666985 | 1213248 | 1880233 | 1873112 | 7121 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45361166 | 45361166 | 45361166 | 0 |
| ആകെ | 666985 | 46574414 | 472241399 | 47234278 | 7121 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19680 | 337 |
| കർഷകതൊഴിലാളി പെൻഷൻ | 4848600 | 337 |
| വിധവാപെൻഷൻ | 12755300 | 930 |
| വാർദ്ധക്യകാലപെൻഷൻ | 27751000 | 2274 |
| വികലാംഗപെൻഷൻ | 4807100 | 327 |
| അവിവാഹിത പെൻഷൻ | 1501400 | 106 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2021 തീയതിയിൽ 10.40 AM ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1853 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പൊതുവായ പ്രവർത്തനവും നികുതി പിരിവ് പുരോഗതിയും വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മിനുട്സുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നതായി കാണുന്നില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ, കാലീകമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ പഞ്ചായത്ത് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം നോട്ടീസ് കൊടുക്കുകയോ, സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുകയോ,സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും

വ്യക്തമാകുന്നു

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | സ്റ്റെയ്ൻമോണ്ട് പബ്ലിക്ക് സ്കൂൾ |
| 2 | സ്വർണ്ണക്കടകൾ<br>നരിളുക്കിൽ ജ്വല്ലേഴ്സ്,<br>എം എസ് ഗോൾഡ് ആൻഡ് ഡയമണ്ട് ,<br>കളത്തിൽ ജ്വല്ലേഴ്സ്,<br>പ്രകാശ് ജ്വല്ലേഴ്സ് |
| 3 | ദ്രൗപദി ടെക്സ്റ്റൈൽസ് |
| 4 | സക്കിന സിൽക്സ് |
| 5 | പുലരി ടെക്സ്റ്റൈൽസ് |
| 6 | സുമംഗലി |
| 7 | ഫാമിലി കളക്ഷൻസ് |
| 8 | വിവ കളക്ഷൻസ് |
| 9 | ബി എസ് എൻ എൽ ടെലിഫോൺ എക്സ്ചേഞ്ച് തൊണ്ടിയിൽ |
| 10 | പേരാവൂർ പെട്രോളിയം |
| 11 | ഭാരത് പെട്രോളിയം |
| 12 | പഴശ്ശിനാട് Indane ഗ്യാസ് ഏജൻസി |
| 13 | വി കെ സ്റ്റോൺ ക്രഷർ |
| 14 | ദിവ്യ ഫൈനാൻസിയേഴ്സ് |
| 15 | ഏബിൾ ഫൈനാൻസിയേഴ്സ് |

| | |
|---|---|
| 16 | എ ബി സി ഫൈനാൻസിയേഴ്സ് |
| 17 | മുളക്കൽ ഫൈനാൻസിയേഴ്സ് തൊണ്ടിയിൽ |
| 18 | കെ കെ ബാർ |
| 19 | രാജധാനി റെസ്റ്റോറന്റ് |
| 20 | പീയെം ഹോണ്ട |
| 21 | യമഹാ മോട്ടോർ സൈക്കിൾസ് |
| 22 | കണ്ണാലയിൽ ഇലക്ട്രോണിക്സ് |
| 23 | റോബിൻസ് ഹോട്ടൽ |
| 24 | ഹൈ വിഷൻ കേബിൾ ടി വി പേരാവൂർ |

ഇത് സംബന്ധിച്ച് നൽകിയ 23.11.2021 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ കോവിഡ് കാരണം ലോക്ക് ഡൗൺ ആയതിനാൽ ജീവനക്കാർ കുറവ് ആയിരുന്നു എന്നും സ്ഥാപനം പലപ്പോഴും തുറന്നു പ്രവർത്തിക്കാതെ ഇരുന്നിട്ടുള്ളത് കൊണ്ടാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബി.എസ്.എൻ.എൽ ൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-11 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | തോമസ് കണ്ണംത്താനത്ത് |
| 2 | പോൾ കെ എം |
| 3 | മത്തായി വി ഡി |
| 4 | ഷൈജു കെ എം |
| 5 | രവീന്ദ്രൻ കെ |
| 6 | അനന്തൻ വി |
| 7 | സാലി പോൾ |
| 8 | പി ഇ ശ്രീജയൻ |
| 9 | പൈലി സി എം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2020-21വർഷം ഇവരിൽ നിന്നും തൊഴിൽ നികുതിഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ആരായേണ്ടതും ഒടുക്കിയിട്ടില്ലാത്തപക്ഷം അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസിനായുള്ള അപേക്ഷകളിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തിയിരുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | നിശ്ചയിച്ച ഫീ |
|---|---|---|---|---|
| 1 | പീയെം ഹോണ്ട | കെ മനോഹരൻ കണ്ണൻ ശബരി പള്ളൂർ മാഹി | XII/ 254 E,F,G,H | 1000 |
| 2 | കാട്ടുമാടം സ്റ്റീൽസ് | കെ സി നസീമ കാട്ടുമാടം ഹൗസ് പേരാവൂർ | XI/259 B | 2000 |
| 3 | മാക്സ്കൺ ട്രേഡേഴ്സ് പേരാവൂർ | എസ് ബഷീർ മക്കി സുബഹി മഹൽ പേരാവൂർ | XI/839, 840, 841 | 1000 |

കൂടാതെ ഒട്ടുമിക്ക അപേക്ഷകളും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ23.11.21 ലെ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

## 1-13 മരിച്ചവർക്ക് പെൻഷൻ വിതരണം

പേരാവൂർ ഗ്രാമപഞ്ചായത്തിലെ 2020 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ വ്യക്തികളുടെ ആധാർ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ മരണപ്പെട്ടതിനുശേഷവും ചില വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണ വിവരങ്ങൾ |
|---|---|---|---|---|
| ദേവി കെ | 479454673438 | 111760200450 | 10-11-20 | 04/2021 വരെ വാർദ്ധക്യകാലപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| തോമസ് | 330107766828 | 111760201658 | 23-10-20 | 10/2021വരെ വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| സി.ജാനകി | 844095224077 | 111760200867 | 30-10-20 | 10/2021വരെ |

| | | | | |
|---|---|---|---|---|
| അമ്മ് | | | | വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15തീയതി 23-11-2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതാണെന്നും അവരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തുക തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും തെറ്റ് ആവർത്തിക്കുന്നതല്ലെന്നും അറിയിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശം പാലിച്ചു കൊണ്ട് മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മരണപ്പെട്ട മുഴുവൻ പെൻഷണർമാരുടെയും വിവരങ്ങൾ പരിശോധിച്ച് അധിക തുക നൽകിയിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ആയുർവ്വേദ മരുന്ന് മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 34/21 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹500000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹500000റോഡിതരസംരക്ഷണഗ്രാന്റ് BRN20220552008301234775/12.03.21 |

ആയുർവേദഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹500000 ഔഷധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകളും ലഭ്യമായതായി കാണുന്നില്ല. 3925 രൂപയുടെ മരുന്നുകൾ ഇത് വരെയായി ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/19.11.21) ന് ലഭ്യമാക്കിയ മറുപടിയിൽ കിട്ടാൻബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ മുഴുവനായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പ്രത്യേക കന്നുകുട്ടി പരിപാലനം-കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| 1. നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 21/21 പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹1250000 വികസനഫണ്ട്<br>₹1250000 ഗുണഭോക്തൃവിഹിതം<br>₹2500000 |
| ചെലവ് | ₹1025000 വികസനഫണ്ട്<br>BRN20220552008001221696/10.03.21 |

| | |
|---|---|
| 2. നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 125/21 പ്രത്യേക കന്നുകുട്ടി പരിപാലനം(സ്പിൽ ഓവർ) |
| അടങ്കൽ | ₹93750 വികസനഫണ്ട്<br>₹556250 സംസ്ഥാനാവിഷ്കൃതം<br>₹1112500 ഗുണഭോക്തൃവിഹിതം |

| | |
|---|---|
| | ₹1762500 |
| ചെലവ് | ₹87500വികസനഫണ്ട് BRN20220552008000029408/11.04.20 |

പ്രത്യേക കന്നുകുട്ടി പരിപാലനം (21/21) എന്ന ക്രമ നമ്പർ 1 ൽ പറയുന്ന പ്രൊജക്ട് പ്രകാരം 100 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി ₹1025000 വികസനഫണ്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.
ക്രമ നമ്പർ 2 ൽ പറയുന്ന പ്രത്യേക കന്നുകുട്ടി പരിപാലനം (125/21) എന്ന പ്രൊജക്ട് പ്രകാരം 14 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി ₹87500 വികസനഫണ്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-16 കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ- രേഖകൾ ലഭ്യമാക്കിയില്ല - 480000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 58/21 മുരിങ്ങോടി അംഗൻവാടി കുടിവെള്ളം- തുക ഡെപ്പോസിറ്റ് ചെയ്യൽ | 59/21 തെരു സാംസ്കാരിക നിലയത്തിന് കുടിവെള്ള കണക്ഷൻ - തുക ഡെപ്പോസിറ്റ് ചെയ്യൽ | 185/21 മുള്ളേരിക്കൽ ഫയർ സ്റ്റേഷൻ സമീപത്ത് കുടിവെള്ള സൗകര്യം ഒരുക്കൽ -തുക ഡെപ്പോസിറ്റ് ചെയ്യൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹120000ധനകാര്യ കമ്മീഷൻ അവാർഡ് | ₹180000ധനകാര്യ കമ്മീഷൻ അവാർഡ് | ₹198000ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹120000 ധനകാര്യ കമ്മീഷൻ അവാർഡ് | ₹180000 ധനകാര്യ കമ്മീഷൻ അവാർഡ് | ₹180000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ& തീയ്യതി | 16/20-21, 30-11-2020 | 17/20-21, 30-11-2020 | 15/20-21, 30-11-2020 |

മേൽ പ്രോജക്ടുകൾ പ്രകാരം 480000 രൂപ (120000+180000+180000) കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ 67153474559 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രസീതും, കേരള വാട്ടർ അതോറിറ്റിയുമായി ഒപ്പുവച്ച എഗ്രിമെന്റും ഫയലിലില്ല. മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5/20-11-2021) സെക്രട്ടറി മറുപടി നല്കിയിട്ടില്ല. തുക കൈപ്പറ്റിയതിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രസീത്, കേരള വാട്ടർ അതോറിറ്റി യുമായി ഒപ്പുവച്ച എഗ്രിമെന്റ്, വിനിയോഗ സാക്ഷ്യപത്രം എന്നീ രേഖകളുടെ അഭാവത്തിലും പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ലാത്തതിനാലും ഈ ഇനത്തിലുള്ള 480000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 60/21 ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ |
| അടങ്കൽ | ₹60000 വികസനഫണ്ട് |
| ചെലവ് | ₹60000 വികസനഫണ്ട് |
| ബിൽ നമ്പർ& തീയ്യതി | BRN 20220552008701307873, 20-03-2021 |

മേൽ പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 60000 രൂപ ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വെള്ളാർ വള്ളി വാതക ശ്മശാനം നിർമ്മാണം - മണ്ണ് ലേലം ചെയ്തില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് | 149/21, വെള്ളാർ വള്ളി വാതക ശ്മശാനം നിർമ്മാണം |
| അടങ്കൽ തുക : | 4658982/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക: | 1935085/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനീയർ പേരാവൂർ ഗ്രാമപഞ്ചായത്ത് |

പ്രസ്തുത പ്രവൃത്തിയിൽ എം ബുക്ക് നമ്പർ ഒന്ന് പേജ് നമ്പർ 3 ,4 ഇനം ( 2 )ആയി വാതക ശ്മശാനത്തിൽ നിലം ഒരുക്കുന്നതിന് ഭാഗമായി താഴെക്കൊടുത്ത പ്രവൃത്തി ചെയ്തിട്ടുണ്ട്
Earth Work Excavation By Mechanical/manual Means Including Disposal Of Excavated Earth...... As Per Final Level- 3853.850m3
പ്രസ്തുത പദ്ധതിയുടെ എം ബുക്ക് നമ്പർ ഒന്ന് പേജ് 4 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടും എടുക്കാൻ ആളില്ല എന്ന കാരണത്താൽ ഭരണസമിതി തീരുമാനത്തോട് കൂടി ശ്മശാന പ്രദേശത്തുനിന്നും കോൺട്രാക്ടറുടെ സ്വന്തം ചെലവിൽ ഒഴിവാക്കി എന്നാണ് രേഖപ്പെടുത്തി കാണപ്പെടുന്നത്. മണ്ണ് കരാറുകാരൻ നീക്കം ചെയ്യുകയാണുണ്ടായത്. കരാറുകാരൻ ഈ മണ്ണ് എവിടേക്ക് നീക്കം ചെയ്തു എന്നോ മണ്ണ് എന്ത് ചെയ്തു എന്നോ രേഖകളിൽ നിന്നും വ്യക്തമല്ല. പ്രസ്തുത എം ബുക്കിൽ ഈ മണ്ണ് ലേലം ചെയ്യാൻ തീരുമാനിച്ചതിൽ നിന്നുതന്നെ ഇത് ഉപയോഗപ്രദമായ മണ്ണ് ആണെന്ന് വ്യക്തമാണ്. 2018 -19 സാമ്പത്തികവർഷം ആരംഭിച്ച ഈ പദ്ധതിക്ക് ശേഷം മണ്ണ് ആവശ്യമുള്ള നിരവധി പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട് ഇത്തരം പദ്ധതികളിൽ ഈ മണ്ണ് ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല . ഡിപ്പാർട്ട്മെൻറ് മെറ്റീരിയൽ ആയി പ്രസ്തുത മണ്ണ് ഉപയോഗിക്കാമായിരുന്നിട്ടും ആയത് ഉപയോഗിക്കാത്തത് എന്തുകൊണ്ടാണെന്ന് രേഖകളിൽ വ്യക്തമല്ല. ഇത്രയും വലിയൊരു അളവും മണ്ണ് നീക്കം ചെയ്യേണ്ടിവരും എന്നോ ആ മണ്ണ് പിന്നീട് എന്തു ചെയ്യും എന്നതിനെ കുറിച്ചോ എസ്റ്റിമേറ്റ് തയ്യാറാക്കിയവർക്ക് മുൻധാരണ ഉണ്ടായിരുന്നില്ല എന്നുള്ളത് ഓഡിറ്റ് ഗൗരവമായി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.19/24.11.21)

## 1-19 ചെടിക്കുളം മുള്ളേരിക്കൽ റോഡ് ടാറിങ് - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് | 136/21 ചെടിക്കുളം മുള്ളേരിക്കൽ റോഡ് ടാറിംഗ് |
| അടങ്കൽ തുക : | 150000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| ചെലവ് തുക: | 147813/- (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| Bill No. 552639/11/4/20- | 147813/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | അസിസ്റ്റൻറ് എൻജിനീയർ പേരാവൂർ ഗ്രാമപഞ്ചായത്ത് |

പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് , എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല (ഓഡിറ്റ് അന്വേഷണം നം.17/24.11.21). പ്രവൃത്തി നടത്തേണ്ടുന്നതിന്റെ ആവശ്യകത, രീതി എന്നിവ വ്യക്തമാക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവൃത്തി നടക്കുന്നതിന്റെ സാങ്കേതിക രീതികൾ, അളവുകൾ എന്നിവ കാണിക്കുന്ന ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട അവശ്യ രേഖകളാണ്. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 പൂക്കളം കുന്ന് വട്ടക്കാം റോഡ് കോൺക്രീറ്റിംഗ് - മണ്ണ് ലേലം ചെയ്തില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് | 131/21 പൂക്കളം കുന്ന് വട്ടക്കാം റോഡ് കോൺക്രീറ്റിംഗ് (സ്പിൽ ഓവർ) |
| അടങ്കൽ തുക : | 500000 |
| Own Fund - | 25000/- |
| Maintenance Grant | 475000/- (Road) |
| ചെലവ് തുക: | 407316/- |
| Bill No. 1227926/ 7/2/20 - 20/4/20 - | 407316/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | അസിസ്റ്റൻറ് എൻജിനീയർ പേരാവൂർ ഗ്രാമപഞ്ചായത്ത് |
| എം ബുക്ക് നമ്പർ | 10/19-20 |

പ്രസ്തുത പ്രവൃത്തിയുടെ എം ബുക്കിൽ ഇനം ( 2 ) ആയി കൊടുത്തിരിക്കുന്ന Excavation In Soil Using Mechanical Means Including Cutting And Pushing The Earth To The Site Of Embankment.....എന്ന പ്രവൃത്തി ആകെ ചെയ്തിരിക്കുന്നത് 128.701M3 ആണ്. ഇനം നമ്പർ (3) ആയി Construction Of Embankment With Material Obtained From Road Cutting.... എന്ന പ്രവൃത്തി ആകെ ചെയ്തിരിക്കുന്നത് 37.000m3 ആണ്. ഇനം നമ്പർ( 2) മണ്ണ് ഉപയോഗിച്ച് ഇനം നമ്പർ ( 3) പ്രവൃത്തി ആകെ ചെയ്തത് 37.00M3 ആണ് . ഇതിൽ ബാക്കിവന്ന 91.701m3 (128.701-37.000m3)മണ്ണ് ലേലം ചെയ്തതായി രേഖകൾ ലഭ്യമല്ല മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല . എസ്റ്റിമേറ്റ് റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. (എൻക്വയറി നം.16/24.11.21)

## 1-21 പോത്തു കുഴി ചെട്ടിയാം മുക്ക് റോഡ് ടാറിങ് -അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര് | 151/21 പോത്തു കുഴി ചെട്ടിയാം മുക്ക് റോഡ് ടാറിങ് |
| അടങ്കൽ തുക : | 350000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| ചെലവ് തുക: | 345476/- (മെയിന്റനൻസ് ഗ്രാന്റ് – റോഡ്) |
| Bill No. 552646/28 /4/20- | 345476/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | അസിസ്റ്റൻറ് എൻജിനീയർ പേരാവൂർ ഗ്രാമപഞ്ചായത്ത് |

പ്രസ്തുത പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല (എൻക്വയറി നം. 18/24.11.21). മരാമത്ത് പ്രവൃത്തിയുടെ സാങ്കേതിക രീതികൾ, അളവുകൾ, ആയതിന്റെ ചെലവ് എന്നിവ വിശദമാക്കുന്ന അവശ്യ രേഖയാണ് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്. യഥാർത്ഥ പ്രവൃത്തി നടന്നതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഈ രേഖ അത്യന്താപേക്ഷിതമാണ്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 15-11-2021, 16-11-2021 | കെ.എസ്.എ/കെ.എൻ.ആർ/സി11/1358/2021 തീയ്യതി – 05.02.2022 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 237925 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) | 237925 | 0 |
| പേരാവൂർ ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| പേരാവൂർ ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 170000 | നെൽകൃഷി വികസനം | 170000 | 0 |

| | | | | | |
|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 500000 | പാലിന് സബ്സിഡി | 500000 | |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2020-21 | 1000000 | വെള്ളായി കുടിവെള്ള പദ്ധതി | 1000000 | 0 |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2020-21 | 170000 | നെൽകൃഷി വികസനം | 170000 | 0 |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2020-21 | 56729 | സമഗ്ര നെൽകൃഷി വികസനം | 56729 | 0 |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2020-21 | 40000 | തരിശ് പച്ചക്കറി കൃഷി | 18500 | 21500 |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2020-21 | 23720 | കാരുണ്യം-പാലിയേറ്റീവ് ഹോംകെയർ | 10000 | 13720 |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 2020-21 | 3525108 | ലൈഫ് ഭവന നിർമ്മാണം | 565108 | 2960000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മുരിങ്ങോടി അംഗൻവാടി കുടിവെള്ളം തുക ഡെപ്പോസിറ്റ് ചെയ്യൽ | 16/20-21, 30-11-20 | 120000 | 0 | 120000 |
| കേരള വാട്ടർ അതോറിറ്റി | തെരു സാംസ്കാരിക നിലയത്തിന് കുടിവെള്ള കണക്ഷൻ തുക ഡെപ്പോസിറ്റ് ചെയ്യൽ | 17/20-21, 30-11-20 | 180000 | 0 | 180000 |
| കേരള വാട്ടർ അതോറിറ്റി | മുള്ളേരിക്കൽ ഫയർ സ്റ്റേഷൻ സമീപത്ത് കുടിവെള്ള സൌകര്യം ഒരുക്കൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 15/20-21, 30-11-20 | 180000 | 0 | 180000 |
| കെ.എസ്.ഇ.ബി | കാഞ്ഞിരപ്പുഴ കുടിവെള്ള പദ്ധതി - ത്രീ ഫേസ് | വൌച്ചർ നം 22000580, 18-11-2020 | 34849 | 34849 | 0 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ വലിച്ച് കണക്ഷൻ നൽകൽ | | | | |
| കെ.എസ്.ഇ.ബി | വെള്ളായി കോളനി കുടിവെള്ള പദ്ധതി ത്രീഫേസ് ലൈൻ വലിക്കുന്നതിനുള്ള അധിക വിഹിതം | 17/20-21, 30-11-20 | 101308 | 101308 | 0 |
| കെ.എസ്.ഇ.ബി | വളയങ്ങാട് തുടർവിദ്യാ കേന്ദ്രം വൈദ്യുതി കണക്ഷൻ തുക നൽകൽ | വൗച്ചർ നം 22000551, 16-11-2020 | 19387 | 19387 | 0 |
| കെ.എസ്.ഇ.ബി | കുട്ടിച്ചാത്തൻകണ്ടി അംഗൻവാടി വൈദ്യുതീകരണം തുക നൽകൽ | വൗച്ചർ നം 22000560, 18-11-2020 | 44692 | 44692 | 0 |
| കെ.എസ്.ഇ.ബി | കുനിത്തല മാലിന്യ പരിപാലന കേന്ദ്രം വൈദ്യുതി കണക്ഷൻ തുക നൽകൽ | വൗച്ചർ നം 22000566, 20-11-2020 | 11962 | 11962 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ-ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 1,38,79,992 | 12909404 | 965412 | -- | 11943992 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | ഇല്ല | 2013-14 | 5-2-15 | സർക്കാർ എയ്ഡഡ് സ്കൂളിലെ അഡ്മിഷന് നിലവാരം -താരതമ്യം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | ഇല്ല | 2013-14 | 5-2-15 | ശ്രദ്ധേയമായ നൂതനാശയങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 | ഇല്ല | 2011-12 | 2-1 | ഗ്രാമസഭ-അപാകം-പൊതു അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 65948099 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 65946344 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4,80,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 4,80,000 | ശ്രീമതി. പ്രീത ചെറുവളത്ത്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. പ്രീത ചെറുവളത്ത്, സെക്രട്ടറി | സെക്രട്ടറി, കോളയാട് ഗ്രാമ പഞ്ചായത്ത് | പൊന്നല ഹൗസ് കാഞ്ഞിലേരി.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 3 |
| 2005-06 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 4 |
| 2006-07 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 1 |
| 2007-08 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 3 |
| 2008-09 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 4 |
| 2009-10 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 4 |
| 2012-13,2013-14 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 3 |
| 2014-15 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 1 |
| 2015-16 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 1 |
| 2016-17 | നം .കെഎസ്എ /കെഎൻആർ /സി.11/728/2019. തി 17.07.2019. | 2 |
| 2017-18 | നം.കെഎസ്.എ/കെ.എൻ.ആർ /സി11/2108/19 തി.5.11.2019 | 12 |
| 2018-19 | നം.കെഎസ്.എ/കെ.എൻ.ആർ /സി11/364/20 തി.25.08.2020 | 28 |
| 2019-20 | നം.കെഎസ്.എ/കെ.എൻ.ആർ /സി11/1357/2021 തീ. 05.02.2022 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Peravoor Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21379972.82 |
| Cash | Cash | RP-40(a) | 15815.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1645040.00 |
| 140000000 | Fees & User Charges | RP-4 | 642835.00 |
| 150000000 | Sale & Hire Charges | RP-5 | 56970.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49387237.00 |
| 171000000 | Interest Earned | RP-9 | 421073.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6910723.00 |
| 350000000 | Other Liabilities | RP-36 | 452390.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1439.00 |
| 311000000 | Earmarked Funds | RP-29 | 4258.00 |
| 340000000 | Deposits Received | RP-34 | 138485.00 |
| 350000000 | Other Liabilities | RP-36 | 343464.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5932185.00 |
| 460000000 | Loans, Advances and Deposits | RP-47 | 12000.00 |
| | Grand total | | 87343886.82 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2169112.00 |
| 220000000 | Administrative Expenses | RP-12 | 1005310.00 |
| 230000000 | Operations & Maintenance | RP-13 | 1567539.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4109829.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14473359.00 |
| 252000000 | Decentralised Plan Programme- | RP-17 | 917765.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2947688.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 323680.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 16584395.00 |
| 280000000 | Prior Period item | RP-26 | -22986.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 29512.00 |
| 350000000 | Other Liabilities | RP-36 | 5408615.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 10122.00 |
| 280000000 | Prior Period Item | RP-26 | -5520.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 350000000 | Other Liabilities | RP-36 | 1964928.00 |
| 410000000 | Fixed Assets | RP-38 | 4253805.00 |
| 412000000 | Capital work in Progress | RP-40 | 3797604.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5103456.00 |
| 460000000 | Loans, Advances and Deposits | RP-47 | 1308131.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 21278281.82 |
| Cash | Cash | RP-40(b) | 119261.00 |
| | Grand Total | | 87343886.82 |

| Peravoor Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7430808.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 343370.00 |
| 140000000 | Fee & User Charges | I-4(b) | 1067835.00 |
| 150000000 | Sale & Hire Charges | I-5(b) | 57420.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 156454450.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 421073.00 |
| 180000000 | Other Income | I-9 | 1439.00 |
| | Total Income | | 165776395.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10994965.00 |
| 220000000 | Administrative Expenses | I-11(b) | 1081226.00 |
| 230000000 | Operations & Maintenance | I-12(b) | 1707082.00 |
| 240000000 | Interest & Finance Charges | I-13 | 10122.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5134829.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 63045601.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 917765.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2966688.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 51987080.00 |
| 255000000 | Maintenance Projects | I-14(e) | 16584395.00 |
| 272000000 | Depreciation | I-17(a) | 7128261.00 |
| | Total Expenditure | | 161558014.00 |
| | Gross Surplus/ Deficit of income over Expenditure | | 4218381.00 |
| 280000000 | Prior Period Item | I-18 | -22506.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4240887.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Peravoor Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -3067122.22 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 9310.04 |
| 312000000 | Reserves | B-3 | 57647716.00 |
| | Total Reserve & Surplus | | 54589903.82 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6997127.00 |
| | Total Grants, Contributions for Specific Purposes | | 6997127.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11943992.00 |
| | Total Loans | | 11943992.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 555720.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2796199.00 |
| | Total Current Liabilities and Provisions | | 3351919.00 |
| | TOTAL LIABILITIES | | 76882941.82 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 80504176.00 |
| 411000000 | Accumulated Depreciation | B-11 | -32688018.00 |
| 412000000 | Capital Work in Progress | B-11(a) | 1019191.00 |
| | Total Fixed Assets | | 48835349.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 5886045.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 21397542.82 |
| 460000000 | Loans, Advances and Deposits | B-18 | 764005.00 |
| | Total Current Assets, Loans and Advances | | 28047592.82 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 76882941.82 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.